**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 628** **01.12.2015 ൽ മറുപടിയ്ക്ക്**

ഔദ്യോഗിക വെബ്സൈറ്റുകളുടെ സുരക്ഷ

ചോദ്യം
ശ്രീ.കെ.എൻ.എ.ഖാദർ

മറുപടി
ശ്രീ. പി കെ കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റുകൾ ഹാക്കർമാർ തകർക്കുന്ന സ്ഥിതിവിശേഷമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ആക്രമണങ്ങൾ ഉണ്ടാകുന്നതിനെതിരെ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ / പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള 50-ഓളം വെബ്സൈറ്റുകൾ ഈ വർഷം ഹാക്കർമാർ വികൃതമാക്കുകയുണ്ടായി. ജൂംല പോലുള്ള സ്വതന്ത്ര വെബ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കുകയും ഹോസ്റ്റ് ചെയ്യുകയും ചെയ്തിട്ടുള്ള വെബ്സൈറ്റുകളെയാണ് പ്രധാനമായും ഹാക്ക് ചെയ്തത്. ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തി വെബ്സൈറ്റുകൾ നവീകരിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാത്ത സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളാണ് പ്രധാനമായും ഹാക്കിംഗിന് ഇരയായത്.

ഇത്തരത്തിൽ കൂടുതലായുള്ള ഹാക്കിംഗ് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായ പരിശോധന നടത്തുകയും 01.10.2015-ലെ സ.ഉ (കൈ) നം. 43/2015/ഐ.ടി.ഡി ഉത്തരവ് പ്രകാരം താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

- സർക്കാർ വെബ്സൈറ്റുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ മാത്രമേ ഹോസ്റ്റ് ചെയ്യുവാൻ പാടുള്ളൂ.
- വിശദമായ സുരക്ഷാ ഓഡിറ്റിംഗിന് ശേഷം മാത്രമേ വെബ്സൈറ്റുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റു ചെയ്യുവാൻ പാടുള്ളൂ.

- സർക്കാർ സൈറ്റുകൾ ഹോസ്റ്റ് ചെയ്യുന്ന ഏജൻസികൾ സുരക്ഷിതമായ ഹോസ്റ്റിംഗ് സാഹചര്യം ഒരുക്കുന്നവരാകണം.
- നിലവിൽ ഹോസ്റ്റ് ചെയ്തിട്ടുള്ളതും സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്താത്തതുമായ വെബ്സൈറ്റുകളുടെ ഓഡിറ്റിംഗ് അടിയന്തിരമായി പൂർത്തിയാക്കാതിരിക്കുകയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും സുരക്ഷാ പാളിച്ച ഉണ്ടാവുകയോ ചെയ്യുകയാണെങ്കിൽ ആയതിന് അനുവദിച്ചിട്ടുള്ള ഡൊമൈൻ നെയിം തിരിച്ചെടുക്കുന്നതിനും പ്രസ്തുത വെബ്സൈറ്റ് പിൻവലിക്കുന്നതിനുമുള്ള അധികാരം സംസ്ഥാന ഐ.ടി മിഷൻ ഡയറക്ടർക്ക് നല്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ സർക്കാർ വെബ്സൈറ്റുകൾ സുരക്ഷാ ഓഡിറ്റിംഗ് നടത്താറുണ്ടോ; എങ്കിൽ ആരെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്; | (ബി) & (സി) | ഉണ്ട്. ഇതിനായി സെർട്ട് - ഇന്ത്യ വെബ്സൈറ്റുകളുടെ സുരക്ഷാ പാളിച്ചകൾ കണ്ടെത്തി പരിഹരിക്കുന്നതിനായി എംപാനൽ ചെയ്തിട്ടുള്ള ഏജൻസികളെയും, കൂടാതെ സംസ്ഥാന ഐടി മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സെർട്ട്-കെ-യുമാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) | മതിയായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയും യഥാസമയം സുരക്ഷാ ഓഡിറ്റിംഗ് നടത്തിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും മെച്ചപ്പെട്ട വെബ്സൈറ്റ് സംവിധാനം ആവിഷ്കരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ